പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *72 — 09.08.2017- ൽ മറുപടിക്ക്

## ബാലവേല നിർമ്മാർജ്ജനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.റോഷി അഗസ്റ്റിൻ<br>,, പി.ജെ.ജോസഫ്<br>,, സി.എഫ്.തോമസ്<br>,, മോൻസ് ജോസഫ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് ബാലവേല പൂർണ്ണമായും നിർത്തലാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് ബാലവേല പൂർണ്ണമായും നിർത്തലാക്കുന്നതിന് സാധിച്ചിട്ടില്ല. 1986 ലെ ബാലവേല (നിയന്ത്രണം & നിരോധനം) നിയമപ്രകാരം 2010-2017 ജൂൺ വരെ സംസ്ഥാനത്ത് തൊഴിൽ വകുപ്പിലെ പരിശോധന ഉദ്യോഗസ്ഥർ 18276 പരിശോധനകൾ നടത്തുകയും 13 പ്രോസിക്യൂഷൻ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ബി) ബാലവേലയിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികളെ കണ്ടെത്തുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും നിലവിൽ എന്ത് സംവിധാനമാണുള്ളത്; വ്യക്തമാക്കുമോ? | (ബി) 1986 ലെ ബാലവേല (നിയന്ത്രണം & നിരോധനം) നിയമത്തിന്റെ ഇൻസ്പെക്ടർമാരായി സംസ്ഥാനത്ത് അസിസ്റ്റന്റ് ലേബർ ആഫീസർ (ഗ്രേഡ്-II) മാരെയും ജില്ലാ ലേബർ ആഫീസർ (എൻഫോഴ്സ്മെന്റ്) മാരെയും ചുമതലപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി നിയമം സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ കം വെൽഫെയർ സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. നാഷണൽ കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സിന്റെ നിർദ്ദേശാനുസരണം കേരളത്തിൽ ജില്ലാ കളക്ടറെ ചെയർമാനാക്കിയും ജില്ലാ ലേബർ ആഫീസർ (എൻഫോഴ്സ്മെന്റ്)നെ കൺവീനറാക്കിയും വിവിധ വകുപ്പുകളെയും, സന്നദ്ധ സംഘടനകളെയും, സാമൂഹ്യപ്രവർത്തകരെയും അംഗങ്ങളാക്കിയും ജില്ലാതല ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ജില്ലാതലത്തിലെ ടാസ്ക്ഫോഴ്സിന്റെയും ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ കം വെൽഫെയർ കമ്മിറ്റിയുടെയും പ്രവർത്തനങ്ങൾകൊണ്ടും ശക്തമായ എൻഫോഴ്സ്മെന്റ് സംവിധാനംമൂലവും ടി നിയമം സംസ്ഥാനത്ത് ഊർജ്ജിതമായി നടപ്പിലാക്കാൻ കഴിയുന്നു. |

സെക്ഷൻ ഓഫീസർ